


# പുസ്തകം പുസ്തകം

## പുതുമയാർന്ന വൈജ്ഞാനികോപഹാരം

മുസ്‌ലിമിന്റെ ജീവിതത്തിൽ ഫിഖ്ഹിന് അഥവാ കർമശാസ്ത്രത്തിന് വലിയ പ്രാധാന്യമുണ്ട്. കാലത്തിന്റെയും സാഹചര്യങ്ങളുടെയും മാറ്റങ്ങളുൾക്കൊണ്ടാണ് ഇസ്‌ലാമിക അടിത്തറകളിലൂന്നി അത് വളർന്ന് വികസിച്ചത്. പക്ഷേ, മദ്ഹബുകൾ സ്ഥിരപ്രതിഷ്ഠ നേടിയ ശേഷം കർമശാസ്ത്രത്തിന്റെ സഞ്ചാരം പിറകോട്ടായിരുന്നു. പുതിയ വെല്ലുവിളികളെ ഇസ്‌ലാമിന്റെ മൗലിക പ്രമാണങ്ങളുടെ പിൻബലത്തോടെ നേരിടാൻ മദ്ഹബുകൾക്ക് അപ്രമാദിത്വം കൽപിച്ചവർക്ക് ധൈര്യമുണ്ടായില്ല. പഴയ സാഹചര്യങ്ങളും നാട്ടാചാരങ്ങളും മുന്നിൽ വെച്ച് നിർമിച്ച ചില നിയമങ്ങൾ പുതിയ കാലത്ത് അപ്രസക്തവും വിപരീത ഫലമുളവാക്കുന്നതുമായിത്തീർന്നു. ഇസ്‌ലാമിക ജീവിതം ആയാസരഹിതവും സുഗമവുമാക്കാൻ മുൻഗാമികളായ പണ്ഡിതവര്യന്മാരുടെ അത്യധ്വാനത്തിലൂടെ രൂപപ്പെട്ട ഫിഖ്ഹ് സ്ഥല, കാല ഭേദങ്ങളുടെ ഫലമായി വിശ്വാസികൾക്കു മുമ്പിൽ കടമ്പയായിത്തീരാതിരിക്കാൻ ജാഗ്രത പാലിക്കണമെന്ന് നൂറ്റാണ്ടുകൾക്ക് മുമ്പേ മുറവിളി ഉയർന്നിട്ടുണ്ട്. ഇന്ന് ഈ രംഗത്ത് പ്രകടമായ മാറ്റം കാണാനുണ്ട്. ശരീഅത്തിന്റെ ലക്ഷ്യങ്ങളെ ആധാരമാക്കി ഫിഖ്ഹിനെ പുനഃസംവിധാനിക്കണമെന്നും ന്യൂനപക്ഷങ്ങൾ പോലുള്ള വ്യത്യസ്ത സാമൂഹിക സാഹചര്യങ്ങൾ നേരിടുന്നവർക്ക് പ്രത്യേക ഫിഖ്ഹ് തന്നെ വേണമെന്നുള്ള ചിന്തക്ക് ഇന്ന് സ്വീകാര്യതയേറെയാണ്.

ഫിഖ്ഹിന്റെ വളർച്ചയുടെ വഴികളിലേക്കും ഉൾപ്പിരിവുകളിലേക്കും അതിന്റെ നിദാനശാസ്ത്രത്തിലേക്കും വെളിച്ചം വീശുന്ന വൈജ്ഞാനിക സമാഹാരമാണ് ശാന്തപുരം അൽ ജാമിഅ അൽ ഇസ്‌ലാമിയ വിദ്യാർഥികൾ പുറത്തിറക്കിയ ഫിഖ്ഹ് വിശേഷാൽ പതിപ്പ്. ഫിഖ്ഹിന്റെയും ഉസ്വൂലുൽ ഫിഖ്ഹിന്റെയും നിർവചനങ്ങളും വിഷയവൈപുല്യവും ഇതിന്റെ ആദ്യഭാഗത്ത് വിവരിക്കുന്നു. പ്രവാചകകാലഘട്ടം മുതലുള്ള ഫിഖ്ഹിന്റെ വളർച്ചയുടെ ചരിത്രം വിവിധ അധ്യായങ്ങളിലായി വായിക്കാം. പ്രചുരമായ നാല് കർമശാസ്ത്ര മദ്ഹബുകൾക്കു പുറമെ സൈദിയ്യ, ഔസാഈ, ളാഹിരി തുടങ്ങിയ മദ്ഹബുകളെ കുറിച്ചും സാമാന്യ ധാരണയുണ്ടാക്കാൻ ഈ സമാഹാരത്തിലെ ലേഖനങ്ങൾ സഹായകമാണ്. മഖാസ്വിദുശ്ശരീഅ, തഖ്‌ലീദ്, ഇജ്തിഹാദ് തുടങ്ങിയ വിഷയങ്ങൾ വിശദമായി അപഗ്രഥിക്കപ്പെടുന്നു. ന്യൂനപക്ഷ കർമശാസ്ത്രത്തിന്റെയും സമകാലിക പ്രശ്നങ്ങളിൽ കർമശാസ്ത്രനിയമങ്ങൾ ആവിഷ്കരിക്കുന്നതിന്റെയും രീതി ശാസ്ത്രവും ചർച്ച ചെയ്യുന്നു.

വിദ്യാർഥികളുടെ രചനകൾ മാത്രമാണ് ഈ വിശേഷാൽ പതിപ്പിലുള്ളതെങ്കിലും ഫിഖ്ഹിന്റെയും ഉസ്വൂലുൽ ഫിഖ്ഹിന്റെയും വ്യാപ്തിയും ചരിത്രവും പുതിയ കർമശാസ്ത്ര പ്രവണതകളും സാമാന്യമായി മനസ്സിലാക്കാൻ ഇത് സഹായകമാണ്.

കാലത്തിന്റെ കണ്ണാടി ജീവിതത്തിന്റെ പച്ചപ്പ് ഫിഖ്ഹ്
പേജ്: 188, വില: 30 രൂപ
അൽ ജാമിഅ അൽ ഇസ്‌ലാമിയ്യ ശാന്തപുരം,
പട്ടിക്കാട് പി.ഒ., മലപ്പുറം. പിൻ – 679 325